എ04/80175/2016/ഡി.പി.ഐ.

2455

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 30/11/2016.

# സർക്കുലർ

വിഷയം: ഹരിത കേരള മിഷൻ പ്രാരംഭം കുറിക്കൽ- 2016 ഡിസംബർ എട്ടിന്-സ്കൂളുകളിൽ നടപ്പിലാക്കേണ്ട കാര്യപരിപാടികൾ-സംബന്ധിച്ച്

സൂചന: ഹരിത കേരളം പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിദ്യാഭ്യാസയോഗ തീരുമാനം ഉൾക്കൊള്ളുന്ന 23/11/2016-ലെ കത്ത്.

മേൽ സൂചന പ്രകാരം 2016 ഡിസംബർ 8-ന് സംസ്ഥാനത്ത് ഹരിതകേരള ദൗത്യം പ്രാരംഭം കുറിക്കുകയാണ്. ഇതിനു മുന്നോടിയായി ഡിസംബർ 5 മുതൽ 8 വരെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത ദൗത്യവുമായി ബന്ധപ്പെട്ട് താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ്, അൺഎയിഡഡ് സ്കൂളുകളിലെയും വിദ്യാർത്ഥികൾ അധ്യാപക-അനധ്യാപകരുടെ നേതൃത്വത്തിൽ കേരളമാകെ ഹരിതകേരളം പദ്ധതിയുടെ എല്ലാവിധ പ്രവർത്തനങ്ങളിലും ഏർപ്പെടേണ്ടതാണ്.
- ഹരിതകേരളം പദ്ധതി വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങളായ, മരത്തൈ നടീൽ, സ്കൂൾ പരിസരവും സമീപപ്രദേശങ്ങളും വൃത്തിയാക്കൽ, ഖര, ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യൽ, ശുദ്ധജലസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ വിദ്യാർത്ഥികളെയും അത് വഴി സമൂഹത്തെയും ബോധവൽക്കരിക്കേണ്ടതാണ്. ഈ പ്രവൃത്തി ഡിസംബർ മാസം 8-ാം തീയതി നടത്തേണ്ടതാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ബഹു. ജില്ലാകളക്ടർമാരുമായി കൂടിയാലോചിച്ചുവേണം നടപ്പിലാക്കാൻ.
- സംസ്ഥാനത്തെ കുടുംബശ്രീ മിഷൻ ഡിസംബർ 7-ാം തീയതി നാട്ടിലാകെ സാനിട്ടേഷൻ സർവ്വേ നടത്തുന്നതാണ്. ടി പ്രവർത്തികൾ കുടുംബശ്രീ പ്രവർത്തകരുടെയും, ജീവനക്കാരുടെയും നേതൃത്വത്തിൽ 20 മുതൽ 30 വരെ നടക്കുന്നതാണ്. ആയതിലേക്കും ആവശ്യമെങ്കിൽ സ്കൂൾ, കുട്ടികളുടെ സാന്നിദ്ധ്യം ഉറപ്പാക്കാവുന്നതാണ്.
- ഇ ) പറയുന്ന എല്ലാ പ്രവൃത്തികളും ഡിസംബർ 8-ന് തന്നെ നടത്തേണ്ടതും ആയത് സ്കൂൾ കുട്ടികളുടെ കാര്യത്തിൽ അവരുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി പ്രവൃത്തിപരിചയവിഷയമായി കണക്കാക്കുന്നതും ടി ദിവസം സ്കൂൾ പ്രവൃത്തി ദിനമായി കണക്കാക്കി ഹാജർ നില രേഖപ്പെടുത്തേണ്ടതുമാണ്.
- സംസ്ഥാനത്തെ സ്കൂളുകളിൽ ടി ദിവസം എല്ലാ എൻ.എസ്സ്.എസ്സ്, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ് വിഭാഗങ്ങളും പൂർണ്ണതോതിൽ ഈ പ്രവർത്തനങ്ങളിലും തുടർ പ്രവർത്തനങ്ങളിലും പങ്കെടുക്കേണ്ടതാണ്.
- താഴെപറയുന്ന വിഷയങ്ങളെ സംബന്ധിച്ച സന്ദേശം ഡിസംബർ 5 മുതൽ എല്ലാ സ്ഥാപനമേധാവികളും രാവിലെ അസംബ്ലികളിൽ വായിക്കേണ്ടതാണ്. ആയതിനുള്ള സന്ദേശം തയ്യാറാക്കി നൽകുന്നതാണ്.
- 201 ഡിസംബർ 8 ന് ചേരുന്ന സ്ക്കൂൾ അസംബ്ലിയിൽ ശുചിത്വവുമായി ബന്ധപ്പെട്ട പ്രതിജ്ഞ എടുക്കണം. തുടർന്ന് സ്ക്കൂൾ ക്ലാസ്സുമുറികളും ക്യാമ്പസും വൃത്തിയാക്കൽ (സ്ക്കൂളിനകത്തും പുറത്തും) നടത്തണം.

F2
9/12/16

Scanned by CamScanner

- വൃക്ഷത്തൈകൾ നടണം. ജല സംരക്ഷണത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ/സെമിനാറുകൾ നടത്തണം.
- കിണർ,കുളം മുതലായവയുടെ ശുദ്ധിയാക്കൽ പരിപാടി രക്ഷാകർത്താക്കളുടെ കൂടെ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.
- എല്ലാ ഗവൺമെന്റ്/എയിഡഡ്/മറ്റ് അംഗീകൃത സ്കൂളുകൾ എന്നിവിടങ്ങളിൽ ഈ പരിപാടികൾ കൃത്യമായി നടത്തുന്നു എന്ന് ഉറപ്പാക്കണം.
- സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും രക്ഷാകർത്താക്കളും ചേർന്ന് നടത്തുന്ന ഈ പ്രക്രിയയിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കണം.
- എല്ലാ സ്കൂളുകളിലും ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തുകയും ഇതിനായുള്ള നിർദ്ദേശങ്ങൾ എല്ലാ സ്കൂൾ അധികൃതർക്കും നൽകേണ്ടതുമാണ്.

ജില്ലകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 10/12/15നു മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

[signature]

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പുറത്തെഴുത്ത് നം: H6/24619/16 12/16

എല്ലാ ജില്ലാ /ഉപജില്ലാ ഓഫീസർമാരുടേയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു. സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് 9/12/16 ന് 5 മണിക്കുള്ളിൽ ഈ കാര്യാലയത്തിലേയ്ക്ക് ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

Sasichandran
7/12/16
വിദ്യാഭ്യാസ ഉപഡയറക്ടർ

[പ്രതിജ്ഞ ഉൾക്കൊള്ളിച്ചിട്ടുണ്ട് [illegible]]

[initials] 7.12.16

# ഹരിത കേരളം പ്രതിജ്ഞ

(8.12.16 ലെ പ്രഭാത അസംബ്ലിയിൽ വായിക്കേണ്ടത്)

ഭാരതീയ പൗരനെന്ന നിലയിൽ, പ്രത്യേകിച്ചും കേരളത്തിൽ ജീവിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ, എന്റെ ദേശത്തിന്റെ പ്രകൃതിയെ ഞാൻ സംരക്ഷിക്കും. പ്രകൃതിയുടെ നിലനില്പിനായി മരങ്ങൾ നട്ടുവളർത്തും. പ്രകൃതിയുടെ വരദാനങ്ങളായ ജലാശയങ്ങളെ സംരക്ഷിക്കുന്നതിന് സ്വന്തമായും മറ്റുള്ളവരിലൂടെയും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തും. അന്തരീക്ഷ മലിനീകരണം, ജല മലിനീകരണം, വായു മലിനീകരണം എന്നിവ തടയുന്നതിന് എന്നാൽ ആവുന്നത്ര പ്രവർത്തനങ്ങൾ ഞാൻ ചെയ്യും. മാലിന്യങ്ങൾ ഭൂമിയിൽ കുമിഞ്ഞുകൂടി വരും തലമുറയുടെ നിലനില്പിനെ ബാധിക്കാതിരിക്കാൻ, ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് ഭൂമിയിലെ വരൾച്ച ഇല്ലാതാക്കാൻ, കൃഷിയിടങ്ങൾ തരിശിടാതെ കൃഷിചെയ്ത് പച്ചക്കറികളും, ധാന്യങ്ങളും ഉല്പാദിപ്പിക്കാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. ഇന്നുമുതൽ എന്റെ വീടും അതിലുപരിയായി എന്റെ സ്കൂളും പരിസരവും, എന്റെ ദേശവും ഹരിതാഭമാക്കാൻ, ജലസമൃദ്ധി നിലനിർത്താൻ, മാലിന്യമുക്തമാക്കാൻ എന്നാൽ ആവുന്നത് ചെയ്യുമെന്നും, മറ്റുള്ളവരിലേക്ക് ഈ സന്ദേശം പകർന്നു നൽകുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

എ.എൻ.30.11.16

Scanned by CamScanner